ഇബ്രാഹിം ബേവിഞ്ച
സാംസ്കാരിക ഭൂപഠത്തിൽ നിന്നും തിരസ്കരിക്കപ്പെടുന്ന
ഉത്തരമലബാറിന്റെ പ്രതിനിധി

യൂ. കെ. അജ്മൽ

നല്ലൊരു അധ്യാപകൻ, കോളമിസ്റ്റ്, അനവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഉത്തര കേരളത്തിൽ നിന്നും മലയാള സാഹിത്യ, സാംസ്കാരിക മണ്ഡലത്തിൽ തന്റെതായ ഒരിടം കണ്ടെത്തിയ അനിധരണസാധരണയായ എഴുത്തുകാരനാണ് ഉത്തര മലബാറിലെ ബേവിഞ്ചയുടെ സ്വന്തം ഇബ്രാഹിം ബേവിഞ്ച മാഷ്. 1954 മെയ് 30 ന് കാസർഗോഡിലെ തെക്കിൽ പാലത്തിനടുത്തുള്ള ബേവിഞ്ച ഗ്രാമത്തിലാണ് ജനനം. ബേവിഞ്ചയിലെ അബ്ദുല്ല കുഞ്ഞി മുസ്ലിയാർ ചെമ്പിരിക്കയിലെ ഉമ്മാലിയുമ്മ എന്നിവരാണ് മാതാപിതാക്കൾ. ഉമ്മ അറബി കടലിന്റെ മുറ്റത്തും ഉപ്പ ചന്ദ്രഗിരിപ്പുഴയുടെ തീരത്തുമാണ് ജനിച്ചു വളർന്നത്. അങ്ങനെ കടലിന്റെ ഇരമ്പവും പുഴയുടെ സൗമ്യതയും സമന്വയിച്ച മനസ്സിന്റെ അകപ്പുറങ്ങൾ തന്നിലുണ്ടെന്ന് മാഷ് തന്നെ പറഞ്ഞിട്ടുണ്ട്. സ്വതസിദ്ധമായ പ്രഭാഷണ ശൈലി കൊണ്ടും മൂർച്ചയേറിയ വാക്കുകൾ കൊണ്ടും അനന്തമായ ആശയ കൂട്ടങ്ങൾ കൊണ്ടും സാംസ്കാരിക കേരളത്തിൽ പ്രോജ്ജ്വലിച്ചു നിന്ന വ്യക്തിത്വമാണ് മാഷ്. സാഹിത്യ ലോകത്തെ സിംഹാസനങ്ങൾ മുഴുവനും തെക്കേ കേരളത്തിലെ എഴുത്തുക്കാർക്കായ് തീറെഴുതി കൊടുത്ത ഉത്തര മലബാറുകാർ വിശിഷ്യ കാസർകോട്ടെ ജനത ഇദ്ദേഹത്തെ പോലുള്ളവരുടെ യോഗ്യതയെ കണ്ണടച്ച് കണ്ടില്ലെന്ന് നടിച്ചെന്ന് പറയാതിരിക്കാൻ വയ്യ. കേരള സാഹിത്യ അക്കദാമി അംഗം, കോഴിക്കോട് സർവകലാശാല മലയാള വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്നീ നിലകളിൽ ദീർഘ കാലം സേവനമനുഷ്ഠിച്ച മാഷിന്റെ ജീവിത സഞ്ചാരം അത്യന്തം വിസ്മയകരമായിരുന്നു. ഇംഗ്ലീഷിൽ ബി.എ ബിരുദവും മലയാളത്തിൽ എം.എ, എംഫിൽ ബിരുദവും നേടിയാണ് ഈ എഴുത്തുകാരൻ മലയാള സാഹിത്യത്തിന്റെ പരകോടിയിലേക്ക് കടന്നുവരുന്നത്. ബേവിഞ്ച എന്ന ഗ്രാമത്തെ ഒപ്പം കാസർകോടെന്ന ദേശത്തെ സർക്കാരുദ്യോഗസ്ഥന്മാരുടെ ദുർഗുണ പാഠശാലകളായി മാത്രം കണ്ട് പരിഹസിച്ച് അരികുവത്കരിച്ചവർക്കിടയിൽ സർഗാത്മകമായ ഇടപെടലുകൾ കൊണ്ട് അയാൾ വേറിട്ടൊരു ജീവിത ശൈലി കാണിച്ചു തരുകയായിരുന്നു. ഒരു ചെറിയ ഗ്രാമത്തിൽ നിന്നും ഒരു പയ്യൻ പീഡിഗ്രിക്ക് കാസർകോഡ് ഗവൺമെന്റ് കോളേജിൽ ചേർന്നത് അന്നതൊരു അഭൂതപൂർവ്വമായ സംഭവമായിരുന്നു. അതേ പയ്യൻ വർഷങ്ങൾക്കിപ്പുറം അതേ കോളേജിൽ ഇരുപത്തിനാലു വർഷം അധ്യാപകനായി ജോലിയെടുത്തത് ഒരു നിമിത്തമെന്നതിലപ്പുറം മാഷിലെ നൈപുണ്യം തന്നെയായിരുന്നു.
നിരന്തരമായ വായനയും അക്ഷരങ്ങളോടുള്ള അടങ്ങാത്ത അഭിനിവേശവും മാഷിനെ വലിയൊരു വായനക്കാരനാക്കി മാറ്റി. പതിയെ ആ വായന അക്ഷരങ്ങൾക്കും പുസ്തകങ്ങൾക്കും ജന്മം നൽകി തുടങ്ങി. അങ്ങനെയാണ് അദ്ദേഹം 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' എന്ന കയ്യെഴുത്തു മാസികക്ക് ജന്മം നൽകി തന്റെ എഴുത്തിന് മൂർച്ച കൂട്ടി തുടങ്ങുന്നത്. ഗവൺമെന്റ് കോളേജിലെ യൂണിയൻ സെക്രട്ടറിയായി വിജയിച്ചു കയറിയ മാഷ് മലയാള അസോസിയേഷന്റെ ഉദ്ഘാടനത്തിന്

സാക്ഷാൽ എം.ടി വാസുദേവൻ സാറിനെ തന്നെ ക്ഷണിച്ചു. എം.ടിയോടുള്ള, അയാളിലെ എഴുത്തിനോടുള്ള ഭ്രമം തന്നെയാകണം ശേഷം കാലിക്കറ്റ് സർവകലാശാലയിൽ നിന്നും എംഫിൽ ചെയ്യുമ്പോൾ പ്രബന്ധത്തിനായ് എം.ടിയുടെ ചെറുകഥകൾ തന്നെ തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. തനിക്ക് നല്ലതെന്നു തോന്നുന്ന പുസ്തകങ്ങൾ മറ്റുള്ളവരേയും കൂടി വായിപ്പിക്കുന്ന ശൈലി തന്നെയാണ് അയാളെ വേറിട്ടു നിറുത്തുന്നത്. അവഗണനകളും തിരസ്ക്കാരങ്ങളും മാത്രം കൈമുതലാക്കിയ ഒരു സമൂഹത്തിന് അക്ഷരങ്ങളുടെ വിലയും അത് നുകർന്ന് എഴുത്തിന്റെ ലോകത്തേക്ക് വളർന്നു പന്തലിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനുള്ള ബോധവും ചിന്തയും അന്ന് ഈ നാട്ടുകാർക്കുണ്ടായിരുന്നില്ല. അല്ലായിരുന്നെങ്കിൽ പേരുകേട്ട എഴുത്തുകാരുടെ കൂട്ടത്തിൽ നമുക്ക് ബേവിഞ്ചയിലെ ഇബ്രാഹിം മാഷിന്റെ നാമവും കേൾക്കാമായിരുന്നു. എം.ടിയുടെ നേതൃത്വത്തിൽ കാസർഗോഡ് രൂപീകരിച്ച് ഫിലിം സൊസൈറ്റിയിൽ അംഗമായിരുന്ന മാഷ് ശേഷം എൺപതുകളിൽ ചന്ദ്രിക പത്രത്തിന്റെ കോഴിക്കോട് ഡെസ്കിൽ സബ് എഡിറ്ററായി സേവനം ചെയ്തിരുന്നു. അന്ന് ചന്ദ്രിക പത്രത്തിലൂടെയായിരുന്നു എം.ടിയെ പോലുള്ള ഇരുത്തം വന്ന എഴുത്തുകാർ ഉയർന്നു വന്നതെന്ന കാര്യവും ചേർത്തു വായിക്കുമ്പോൾ മാഷിന്റെ വൈദഗ്ദ്ധ്യം ഉയർന്നു നിൽക്കുന്നുണ്ട്. ശേഷം പല പത്രങ്ങളിൽ നിന്നും ക്ഷണം വന്നിരുന്നെങ്കിലും മാഷ് തിരഞ്ഞെടുത്തത് അധ്യാപന മേഖല തന്നെയായിരുന്നു. കാസർഗോഡ് ഗവൺമെന്റ് കോളേജിലെ മലയാള വിഭാഗം തലവനായിട്ടായിരുന്നു മാഷ് റിട്ടയർ ചെയ്തത്. പത്ര പ്രവർത്തനത്തെക്കാൾ മലയാളത്തെ സ്നേഹിക്കുന്ന ആയിരം വിദ്യാർത്ഥി കൂട്ടങ്ങളെ ഉണ്ടാക്കിയെടുക്കാനായിരിക്കണം മാഷന്നാഗ്രഹിച്ചത്. അത് കൊണ്ട് തന്നെ കുറഞ്ഞകാലമാണെങ്കിലും കണ്ണൂർ വിമൻസ് കോളേജിലും മഞ്ചേശ്വരം ഗോവിന്ദപൈ കോളേജിലും മലായളധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.
നീണ്ട അധ്യാപന ജീവിതത്തിനിടയിലും ഇബ്രാഹീം ബേവിഞ്ചയെന്ന പ്രതിഭാധനനായ എഴുത്തുകാരൻ ഇസ്ലാമിക സാഹിത്യം മലയാളത്തിൽ, പ്രസക്തി, മുസ്ലിം സാമൂഹിക ജീവിതം മലയാളത്തിൽ, ഉബൈദിന്റെ കവിതാ ലോകം, ബഷീർ ദാ മുസ്ലിം, നിള തന്ന നാട്ടെഴുത്തുകൾ, മതിലുകൾ ഇനിയും ഇടിയാനുണ്ട്, ഒ.ആബു (സീ.ടി ബഷീറുമൊത്ത് രചിച്ചത്), ബഷീറുമുൾപ്പെടുന്ന അനവധി കൃതികളും അദ്ദേഹം മലയാള സാഹിത്യ ലോകത്തിന് സംഭാവന നൽകിയിട്ടുണ്ട്. ഇസ്ലാമിക സാഹിത്യത്തെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള അനന്തമായ പഠനങ്ങളിലൂടെയാണ് അധികവും അദ്ദേഹത്തിന്റെ ചിന്തകൾ കടന്നു പോകുന്നത്. പിന്നെ ചിലത് ഗവേഷണങ്ങളും നിരൂപണങ്ങളുടേയും കൂട്ടത്തിൽ പെടുന്നവയുമാണ്. മാഷിന്റെ തൂലികാവസന്തത്തെക്കുറിച്ചു പറയുമ്പോൾ അത് ദിശതെറ്റിയൊഴുകുന്ന നദി പോലെ അനന്തമായി പ്രവഹിക്കുന്നവയാണ്. ചന്ദ്രിക പത്രത്തിന്റെ വാരാന്തപ്പതിപ്പിൽ മുടങ്ങാതെ 18 വർഷം പ്രസക്തി എന്ന കോളവും മാധ്യമം പത്രത്തിൽ അഞ്ചു കൊല്ലം കാര്യ വിചാരം എന്ന കോളവും മാധ്യമത്തിന്റെ തന്നെ വാരന്ത്യത്തിൽ കഥ പോയ മാസത്തിൽ എന്ന കോളം ആറു വർഷവും, തൂലിക മാസികയിൽ വിചിന്തനം എന്ന കോളം ഏഴ് വർഷവും മാഷ് തന്റെ എഴുത്തിലെ മാസ്മരികത പ്രകടിപ്പിച്ച ഇടങ്ങളായിരുന്നു. അതിനൊക്കെ പുറമെ കാസർകോഡ് വാർത്തയിൽ ഹൃദയപൂർവ്വം,

കേരള വിഷൻ ചാനലിൽ വായന എന്നീ പംക്തികളും അവതരിപ്പിച്ചിരുന്നു. കൂടാതെ ഉത്തരദേശം വാരാന്തപ്പതിപ്പിൽ കളപ്പുര എന്ന കോളവും കൈകാര്യം ചെയ്തിരുന്നു. ഇതിനൊടൊപ്പം തന്നെ പല മുഖ്യധാര പത്രങ്ങളിലും ആനുകാലികങ്ങളിലും ലേഖനങ്ങൾ എഴുതി തന്റെതായ പാദമുദ്ര മാഷവയിലൊക്കെ പദിപ്പിച്ചിരുന്നു. ഇത്രയേറെ സംഭാവനകൾ ചെയ്തൊരാൾ നമ്മുടെ നാട്ടിൽ വേണ്ടത്ര പരിഗണ കിട്ടാതെ ജീവിച്ചിരിക്കുന്നുവെന്നത് എത്ര മാത്രം ദയനീയമാണ്. മാഷിന്റെ എഴുത്തുകളെക്കുറിച്ച് അതിന്റെ വിഭിന്നമായ അർത്ഥ തലങ്ങളെക്കുറിച്ച് ഇ്ബ്രാഹിം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ എന്ന പുസ്തകത്തിൽ ഗഹനമായി ചർച്ചചെയ്യുന്നുണ്ട്. മാഷിന്റെ ഓരോ വരികൾക്കും എന്തു മാത്രം ആശയഗർഭങ്ങളുണ്ടായിരുന്നെന്നതിൽ ഗ്രന്ഥകാരൻ സീ.ടി ബഷീർ പറഞ്ഞുവെക്കുന്നുണ്ട്.

2010 മാർച്ചിൽ അധ്യാപനത്തിൽ നിന്നും വിരമിച്ച മാഷ് പതിയെ രോഗം കൂടി വന്നതോടെ അദ്ദേഹത്തിനു പ്രിയപ്പെട്ടവയിൽ നിന്നും വേറിട്ടു ജീവിക്കാൻ നിർബന്ധിതനായി. സാഹിത്യ ചർച്ചകളും എഴുത്തും വായനയും ഭക്ഷണം പോലെ പതിവാക്കിയിരുന്നൊരാൾക്ക് ഇത് വലിയൊരു നഷ്ടബോധം തന്നെയായിരുന്നു. ഒരു പുരുഷായുസ്സ് മുഴുവൻ അക്ഷരങ്ങളോട് ചങ്ങാത്തം കൂടിയ മനുഷ്യൻ വാർദ്ധക്യത്തിന്റെ അവശതകളിൽ നിരാലംബനായിരിക്കുകയാണ്. നിരന്തരം എഴുതുകയും അക്ഷരങ്ങളോട് സംവദിക്കുകയും കലഹിക്കുകയും ചെയ്തിരുന്ന മാഷിന്റെ നീരോട്ടത്തെ നിശ്ചലമാക്കാൻ പാർക്കിൻസൺസ് രോഗത്തിനു സാധിച്ചു. മറവിയുടേയും വിഷാദത്തിന്റെയും ദുഷ്കരമായ ദിനങ്ങൾ എങ്ങനെയാണ് ജീവിതം മുഴുവൻ എഴുത്തും വായനുമായി കൂട്ടുകൂടിയൊരാൾക്ക് കയിച്ചു കൂട്ടാനാവുന്നത്. എട്ട് വർഷത്തോളമായി എഴുത്തോ വായനയൊന്നുമില്ലാതെ തെക്കിലിലെ തന്റെ വീട്ടിൽ ഇബ്രാഹീം ബേവിശ്ച പോയ കാലത്തിന്റെ ഓർമകളുമായിരിക്കുകയാണ്. ഇത്ര മാത്രം എഴുത്തിനെ പ്രണയിക്കുകയും ആ വൈഭവം കൊണ്ട് സാഹിത്യ മണ്ഡലത്തിൽ തന്റേതായ ഇരിപ്പിടവും നേടിയെടുത്ത മാഷിന്റെ ജീവിതം കാസർകോഡുക്കാർക്ക് സുപരിചിതമല്ലായിരിക്കാം. പലർക്കും ഇബ്രാഹീം മാഷിലെ അധ്യാപകനെ മാത്രമായിരുന്നു പരിചിതമുണ്ടായിരുന്നത്. ഇത്രയേറെ കൃതികളും കുറിപ്പുകളും ചുരുങ്ങിയ കാലയളവിൽ എഴുതി വെച്ച മാഷ് സാംസ്കാരിക ഭൂപടത്തിൽ നിന്നും തിരസ്കരിക്കപ്പെടുന്ന കാസർകോഡുകാരുടെ പ്രതിനിധിയാണെന്ന് പറഞ്ഞു വെക്കുമ്പോഴും ആ വലിയ മനുഷ്യന്റെ സാഹിതീയ സംഭാവനകളെ ഗൗനിക്കാൻ നാമിതുവരെ വളർന്നു വന്നിട്ടില്ലെന്നത് ഓർത്തിരിക്കേണ്ട മറ്റൊരു കാര്യമാണ്.